LIBRARY ARCHIVES Kerala Legislative Assembly

ഡിജിറ്റൽ പാഠപുസ്തകം പദ്ധതി

90 (1145) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷം മുതൽ ഡിജിറ്റൽ പാഠപുസ്തകം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; ഇതിനായി ഏതെല്ലാം സ്കൂളുകളിൽ മൾട്ടിമീഡിയ ക്ലാസ് മുറികളും വൈഫൈ സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കാതെ, ഡിജിറ്റൽ പാഠപുസ്തകം തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) പാഠപുസ്തകങ്ങൾ ഇടയ്ക്കിടയ്ക്ക് പുതുക്കുന്ന സാഹചര്യങ്ങൾകൂടി നിലനിൽക്കുന്നതിനാൽ, മേൽ പദ്ധതി ഏർപ്പെടുത്താനുദ്ദേശിക്കുന്ന സ്കൂളുകളിലെ അടിസ്ഥാന സൗകര്യവും, പഠിപ്പിക്കാൻ യോഗ്യരായ അദ്ധ്യാപകരും, ടാബ്‌ലെറ്റുകളും ഡിജിറ്റൽ പാഠപുസ്തകങ്ങളും ഒരു പാക്കേജായി നടപ്പിലാക്കാൻ തയ്യാറാകുമോ ;

(ഡി) ഡിജിറ്റൽ പാഠപുസ്തക പദ്ധതി ശാസ്ത്രീയമായും സമയബന്ധിതമായും നടപ്പിലാക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) ഇല്ല.

(സി&ഡി) ചോദ്യം ബാധകമല്ല.

മാവേലിക്കര മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ ശോച്യാവസ്ഥ

91 (1146) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര ഇറവങ്കര ഗവൺമെന്റ് എച്ച്.എച്ച്.എസ്., കുന്നം ഗവൺമെന്റ് എച്ച്.എച്ച്.എസ്. എന്നീ സ്കൂളുകളിലെ കെട്ടിടങ്ങൾ അതീവ ശോചനീയാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മാവേലിക്കര മണ്ഡലത്തിൽ ഗവൺമെന്റ് എസ്.വി. എച്ച്.എച്ച്.എസ്.-ന് ലാബിന്റെ പ്രവർത്തനങ്ങൾക്കായി കെട്ടിടമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടി സ്കൂളിന് കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഇ) എ.എസ്.എ.പി. പദ്ധതി മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ ആരംഭിച്ചു ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

നാല് സ്കൂളുകൾ :

1. ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്. മാവേലിക്കര
2. ഗവൺമെന്റ് എച്ച്.എസ്.എസ്., ചുനക്കര
3. ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്. , മാവേലിക്കര
4. ആർ.വി.. എസ്.എം. എച്ച്.എസ്.എസ്., പ്രയാർ.

അമ്പലപ്പുഴ മണ്ഡലത്തിലെ ആദായകരമല്ലാത്ത സ്കൂളുകൾ

92 (1147) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ആദായകരമല്ലാത്ത എത്ര സ്കൂളുകൾ ഉണ്ട് ;

(ബി) എൽ. പി., യു. പി., എച്ച്. എസ്. വിഭാഗങ്ങൾ തിരിച്ച്, പ്രസ്തുത സ്കൂളുകൾ ഏതൊക്കെയാണെന്ന വിവരം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത സ്കൂളുകൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) സ്കൂളുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം എടുത്തിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly